# ഗ്രാമ ന്യായാലയം, നാനാടം, വൈക്കം

**ഹാജർ :- കെ.എം. ദേവിക, ന്യായാധികാരി**

**തീയതി : 2025 മെയ് 08, വെള്ളി**

(18 വൈശാഖം 1948)

**സി.എം.പി. 125/2022 (എം.സി. 14/2022)**

| | | |
|---|---|---|
| ഹർജിക്കാരി | : | ആശാമോൾ പാപ്പച്ചൻ ആശ ഭവൻ, കരിപ്പാടം പി.ഓ. തലയോലപ്പറമ്പ്, കോട്ടയം |
| പ്രതിനിധീകരിക്കുന്നത് | : | അഭിഭാഷകൻ : ആർ അനിൽകുമാർ |
| എതിർകക്ഷി | 1 | ലിജോ മോൻ വി.ജെ. s/o എം.സി. ജോസഫ്, കുട്ടൻവിരുത്തിയിൽ വീട്, പരിപ്പ് പി.ഓ, അയ്മനം വില്ലേജ്, കോട്ടയം താലൂക്ക്, കോട്ടയം ജില്ലാ. |
| | 2 | എലിസബത്ത് w/o എം.സി. ജോസഫ്, കുട്ടൻവിരുത്തിയിൽ വീട്, പരിപ്പ് പി.ഓ, അയ്മനം വില്ലേജ്, കോട്ടയം താലൂക്ക്, കോട്ടയം ജില്ലാ. |
| | 3 | ലിനി മോൾ w/o വിനോദ്, കൊൺകണ്ടം വീട്, പരിപ്പ് പി. ഓ, അയ്മനം വില്ലേജ്, കോട്ടയം താലൂക്ക് |
| | 4 | ലിൻസി മോൾ d/o എം.സി. ജോസഫ്, കുട്ടൻവിരുത്തിയിൽ വീട്, പരിപ്പ് പി.ഓ, |

| | | |
|---|---|---|
| | | അയ്മനം വില്ലേജ്, കോട്ടയം താലൂക്ക്, കോട്ടയം ജില്ലാ. |
| പ്രതിനിധീകരിക്കുന്നത് | : | അഭിഭാഷകൻ : വി. പി. അനിൽകുമാർ |
| വകുപ്പ് | : | ഗാർഹിക പീഡനത്തിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം 2005, 23-)ം വകുപ്പ് പ്രകാരം ബോധിപ്പിക്കുന്ന ഹർജി. |
| നിവൃത്തി | : | ഹർജി അനുവദിച്ചിരിക്കുന്നു. |

ഈ ഹർജി 04.05.2026 ന് കേൾക്കുകയും 08.05.2026 -)ം തീയതി ഈ കോടതി താഴെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

## ഉത്തരവ്

മേൽ നമ്പർ ഹർജി, ഗാർഹിക പീഡനത്തിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം 2005, 23 -ആം വകുപ്പ് പ്രകാരം ഫയൽ ചെയ്തിട്ടുള്ളതാണ്.

2. ഹർജിക്കാരിയുടെ കേസിന്റെ സാരാംശം താഴെ പറയുന്ന പ്രകാരമാണ് :- ഹർജിക്കാരിയും ഒന്നാം എതിർകക്ഷിയും ഭാര്യഭർത്താക്കന്മാരാണ്. ഇവർക്ക് അലീന എന്ന പെൺകുട്ടി ജനിച്ചിട്ടുള്ളതാണ്. രണ്ടും മൂന്നും നാലും എതൃകക്ഷികൾ ചേർന്ന് ഹർജിക്കാരിക്ക് മാനസിക പ്രശ്നങ്ങൾ ഉണ്ട് എന്ന് പറഞ്ഞു ചികിത്സ വേണം എന്ന് പറഞ്ഞു ഹോസ്പിറ്റലിലേക്ക് കൊണ്ട് പോയി എന്നും എന്നാൽ ഡോക്ടർ സർട്ടിഫിക്കറ്റ് നൽകിയില്ല എന്നും എതൃകക്ഷികളുടെ നിരന്തര മാനസിക പീഡനം നിമിത്തം ഹർജിക്കാരി വളരെ അധികം ടെൻഷൻ അനുഭവിച്ചിരുന്നു എന്നും ഹർജിക്കാരിക്ക് 13,000/- രൂപ

വരുമാനം ഉണ്ട് എന്നും ഒന്നാം എതൃകക്ഷിക്ക് 50,000/- രൂപ വരുമാനം ഉണ്ട് എന്നും ഹർജിക്കാരിയെ എതൃകക്ഷികൾ വീട്ടിൽ നിന്നും ഇറക്കിവിട്ടതിനാൽ നിലവിൽ തലയോലപ്പറമ്പിൽ ആണ് താമസിക്കുന്നത് എന്നും ആകയാൽ ഹർജിക്കാരിക്ക് പ്രതിമാസം 5000/- രൂപ ജീവനാംശം അനുവദിക്കണം എന്ന് അപേക്ഷിച്ചുകൊണ്ടാണ് ഹർജി ഫയൽ ചെയ്തിരിക്കുന്നത്.

3. എതൃകക്ഷികൾ ആക്ഷേപം ബോധിപ്പിച്ചു.

5. <u>എതൃകക്ഷി ഭാഗം ആക്ഷേപത്തിന്റെ ചുരുക്കം</u>:- ടി ഹർജി വസ്തുതാപരമായോ നിയമപരമായോ നിലനിൽക്കുന്നതല്ല. ഒന്നാം എതൃകക്ഷിക്ക് കൃഷി പണി ആണ് എന്നും തുച്ഛമായ ദിവസ വരുമാനം കൊണ്ടാണ് എതൃകക്ഷി ടിയാന്റെ മാതാവിന്റെ പ്രായമായ മാതാവിന്റെയും 10-)o ക്ലാസ്സിൽ പഠിക്കുന്ന ഹർജിക്കാരിയുടെയും ഒന്നാം എതൃകക്ഷിയുടെയും മകളായ അലീനയുടെയും വിദ്യാഭ്യാസ ചിലവുകളും ആഹാരം, വസ്ത്രം, മരുന്ന് തുടങ്ങി മറ്റെല്ലാ ചിലവുകളും നടത്തി കുടുംബം കഴിഞ്ഞു പോയിരുന്നതിന് ഒന്നാം എതൃകക്ഷിയുടെ തുച്ഛമായ വരുമാനത്തിൽ ആണ്. ഹർജിക്കാരിക്ക് പ്രതിമാസം 11,000/- രൂപ വരുമാനം ലഭിക്കുന്നുണ്ട് എന്നും ആയതിനാൽ ജീവിത ചെലവിന് നൽകേണ്ട ബാധ്യത എതൃകക്ഷിക്ക് ഇല്ലായെന്നും ആയതിനാൽ ഹർജി തള്ളി ഉത്തരവ് ഉണ്ടാകണമെന്ന് എതൃകക്ഷി അപേക്ഷിക്കുന്നു.

5. ഇരുഭാഗവും വാദം കേട്ട്, രേഖകൾ പരിശോധിച്ചു.

6. പരിഗണനാർഹമായ സംഗതികൾ താഴെ പറയും പ്രകാരമാണ്:-

1. ഹർജിക്കാരിക്ക് പ്രതിമാസം ഇടക്കാല ജീവനാംശം ലഭിക്കാൻ അർഹതയുണ്ടോ? ഉണ്ടെങ്കിൽ എത്ര രൂപ?
2. ഉത്തരവുകൾ?

7. <u>1-ാം സംഗതി</u> :- ഹർജിക്കാരിക്ക് പ്രതിമാസം 11,000/- രൂപ വരുമാനം ഉണ്ട് എന്ന് ഹർജിയിൽ പറയുന്നുണ്ട്. എന്നാൽ ടിയാളുടെ ആസ്തികളും ബാധ്യതകളും വെളിപ്പെടുത്തുന്ന സത്യവാങ്മൂലത്തിൽ ടിയാൾക്ക് നിലവിൽ ജാൻ ഔഷധി ഫാർമസി സ്റ്റാഫ് ആയിട്ട് ജോലി ചെയ്യുന്നു എന്നും 9,000/- വരുമാനം ഉണ്ട് എന്നും പറയുന്നു. എതൃകക്ഷിക്ക് ഡ്രൈവർ ആണ് എന്നും 50,000/- രൂപ വരുമാനം ഉണ്ട് എന്നും പറയുന്നു. എന്നാൽ ഒന്നാം എതൃകക്ഷിയുടെ ആസ്തികളും ബാധ്യതകളും വെളിപ്പെടുത്തുന്ന സത്യവാങ്മൂലത്തിൽ ടിയാന് കൂലി പണി ആണ് എന്നും 25,000/- വരുമാനം ഉണ്ട് എന്നും പറയുന്നു. എന്നാൽ ടി സത്യവാങ്മൂലത്തിൽ ടിയാന് കൃഷി ആണ് എന്നും പറയുന്നുണ്ട്. പിന്നീട് ബഹു: സുപ്രീം കോടതിയുടെ *Rajenesh v Neha 2020 (6) KHC 1* വിധിന്യായത്തിൽ പറയുന്ന agrarian നു ഫയൽ ചെയ്യുന്ന സത്യവാങ്മൂലം ഫയൽ ചെയ്തു അതിൽ 1 ½ ഏക്കർ സ്ഥലം ഉണ്ട് എന്നും അവിടെ നെൽ കൃഷി ആണ് എന്നും പറഞ്ഞു കാണുന്നു. 1 ലക്ഷം രൂപ കാനറാ ബാങ്കിൽ ലോൺ ഉണ്ട് എന്നും പറഞ്ഞു കാണുന്നു. മേൽ ഉദ്ധരിച്ച വിധിന്യായത്തിൽ ജീവനാംശത്തിന് അനുവദിക്കേണ്ട തുകയുടെ അളവ് നിശ്ചയിക്കുന്നതിന് കർശനമായോ ഏകീകൃതമായോ ഒരു നിർദ്ദിഷ്ട സൂത്രവാക്യം നിലവിലില്ല. അതിനാൽ, കോടതി പരിഗണിക്കേണ്ട ഘടകങ്ങളിൽ പ്രധാനമായും പാർട്ടികളുടെ സാമൂഹിക നില ഭാര്യയുടെയും ആശ്രിതരായ മക്കളുടെയും യുക്തിസഹമായ ആവശ്യങ്ങൾ, അപേക്ഷക വിദ്യാഭ്യാസമുള്ളയാളും തൊഴിൽപരമായ യോഗ്യതയുള്ളയാളുമാണോ, അപേക്ഷകയ്ക്ക് സ്വതന്ത്ര വരുമാനസ്രോതസുണ്ടോ, അത്തരം വരുമാനം വിവാഹഗൃഹത്തിൽ അവൾ അനുഭവിച്ചിരുന്ന ജീവിതനിലവാരം തുടരാൻ പര്യാപ്തമാണോ, വിവാഹത്തിന് മുമ്പ് അപേക്ഷക തൊഴിൽ ചെയ്തിരുന്നോയെന്നത്, വിവാഹബന്ധം നിലനിന്നിരുന്ന കാലയളവിൽ അവൾ തൊഴിൽ ചെയ്തിരുന്നോയെന്നത്, കുടുംബപരിപാലനം, മക്കളുടെ സംരക്ഷണം,

കുടുംബത്തിലെ പ്രായമായ അംഗങ്ങളുടെ പരിചരണം എന്നിവയ്ക്കായി അപേക്ഷകയ്ക്ക് തൊഴിൽ അവസരങ്ങൾ ഉപേക്ഷിക്കേണ്ട സാഹചര്യമുണ്ടായോയെന്നത്, തൊഴിൽ ഇല്ലാത്ത ഭാര്യയ്ക്ക് ആവശ്യമായ ന്യായമായ ച്ചെലവുകൾ എന്നിവ ഉൾപ്പെടുന്നു എന്നും അനുവദിക്കപ്പെടുന്ന തുക യുക്തിസഹവും പ്രായോഗികവുമായിരിക്കണം. അതായത്, പ്രതിക്കു അസഹനീയവും അതികഠിനവുമായ ഭാരം സൃഷ്ടിക്കുന്ന തരത്തിൽ അത്യധികമാകുകയും അരുത്; അതുപോലെ തന്നെ ഭാര്യയെ ദാരിദ്ര്യത്തിലേക്കും ദയനീയാവസ്ഥയിലേക്കും തള്ളിവിടുന്ന തരത്തിൽ അത്യല്പവുമായിരിക്കയും അരുത്. പരിപാലനത്തുകയുടെ പര്യാപ്തത വിലയിരുത്തുമ്പോൾ, ഭാര്യയ്ക്ക് യുക്തിസഹമായ സൗകര്യത്തോടെയും മാന്യമായ ജീവിതനിലവാരത്തോടെയും സ്വയം പരിപാലിച്ച ജീവിക്കാൻ കഴിയുന്ന തരത്തിലായിരിക്കണമെന്നതാണ് അടിസ്ഥാനപരമായ പരിഗണന എന്നും പറയുന്നുണ്ട്. ഇവിടെ ഹർജി പരിശോധിച്ചതിൽ ഹർജിക്കാരിക്ക് 11,000/- രൂപ വരുമാനം ഉള്ളതായാണ് പറയുന്നത് എന്നാൽ വാദ സമയത്ത് ടിയാൾക്ക് നിലവിൽ ആ വരുമാനം ഇല്ല എന്ന് പറയുന്നു. കൂടാതെ സത്യവാങ്മൂലത്തിൽ ടിയാൾക്ക് 9,000/- രൂപ വരുമാനം ഉള്ളതായാണ് കാണുന്നത്. ടിയാൾക്ക് പ്രതിമാസം ചിലവ് 10,000/- രൂപ ആണ് എന്നും പറയുന്നു. ഒന്നാം എതൃകക്ഷിക്ക് പ്രതിമാസം 25,000/- രൂപ വരുമാനം ഉണ്ട് എന്ന് പറയുന്നു. കൂടാതെ ഇവരുടെ മകൾ നിലവിൽ എതൃകക്ഷികളുടെ കൂടെ ആണ് താമസിക്കുന്നത്. ടിയാന് 1 ലക്ഷം രൂപ ലോൺ ഉണ്ട് എന്നും പറയുന്നു. എന്നാലും വസ്തുതകൾ പരിശോധിക്കുമ്പോൾ ഹർജിക്കാരിക്ക് ചിലവിന് ഒത്ത വരുമാനം ലഭിക്കുന്നില്ല എന്നാണ് കാണുന്നത്. ഒരു ദൃഢഗാത്രനായ പുരുഷന് തന്റെ ഭാര്യയെ സംരക്ഷിക്കാനും പരിപാലിക്കാനും ഉള്ള ബാധ്യത ഉണ്ട് എന്നത് സ്ഥാപിതമായ നിയമം ആണ്. ആയതിനാൽ ഹർജിക്കാരിക്ക് ഇടക്കാല

GRAM NYAYALAYA
ഗ്രാമ ന്യായാലയ
VAIKOM, NANADAM - 686 143
വൈക്കം, നാനാടം - 686 143

ജീവനാംശം ലഭിക്കുവാൻ അർഹതയുണ്ട് എന്ന് കാണുന്നു എങ്കിലും ടിയാൾ ആവശ്യപ്പെട്ട 13,000/- രൂപ കൂടുതൽ ആണ് എന്ന് കാണുന്നു. ആയതിനാൽ ഹർജിക്കാരിക്ക് പ്രതിമാസം 3000/- ജീവനാംശം ലഭിക്കുവാൻ അർഹതയുണ്ട് എന്ന് കാണുന്നു.

8. 2-)ം സംഗതി :- ഒന്നാം സംഗതിയിൽ ഈ കോടതി എത്തിച്ചേർന്ന കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ഹർജി താഴെ പറയും പ്രകാരം അനുവദിച്ച് ഉത്തരവായിരിക്കുന്നു.

ഒന്നാം എതൃകക്ഷി ഹർജിക്കാരിക്ക് ഇടക്കാല ജീവനാംശമായി പ്രതിമാസം 3000/- (മൂവായിരം) രൂപ ഹർജി തീയതി മുതൽ ഇടക്കാല ജീവനാംശം നൽകേണ്ടതാണ് എന്ന് ഇനിയൊരു ഉത്തരവ് ഉണ്ടാകും വരെയും ഈ കോടതി ഉത്തരവായിരിക്കുന്നു.

(കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് കേട്ടെഴുതി വിവരങ്ങൾ ടൈപ്പ് ചെയ്തിട്ടുള്ളതും ഞാൻ തെറ്റ് തിരുത്തിയിട്ടുള്ളതും, 2026-)മാണ്ട് മെയ് മാസം 08-)ം തീയതി തുറന്ന കോടതിയിൽ ഈ ഉത്തരവ് പ്രഖ്യാപിച്ചിട്ടുള്ളതാണ്.)

ഒപ്പ്/-

ന്യായാധികാരി

ഗ്രാമ ന്യായാലയം, നാനാടം, വൈക്കം

// ശരിപകർപ്പ് //

കെ.എം. ദേവിക

ന്യായാധികാരി

ഗ്രാമ ന്യായാലയം, നാനാടം, വൈക്കം

ഉത്തരവ്

ശരി പകർപ്പ്

സി.എം.പി. നമ്പർ
125/2022

എംസി 14/2022

തീയതി:08.05.2026